# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No. 100 /PR/PIC/PHQ/13                                                    Date : 12.10.2013

## ശബരിമല വിർച്വൽ ക്യൂ സംവിധാനം ഒക്ടോബർ 15 മുതൽ

ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനും തീർത്ഥാടകരുടെ തിരക്ക് നിയന്ത്രിക്കുന്നതിനും കേരള പോലീസ് നടപ്പിലാക്കിവരുന്ന വിർച്വൽ-ക്യൂ സംവിധാനത്തിലേക്കുള്ള ഓൺലൈൻ ബുക്കിംഗ് ഒക്ടോബർ 15 മുതൽ ആരംഭിക്കും. വിർച്വൽ ക്യൂ സംവിധാനം വഴി ബുക്ക് ചെയ്തുവരുന്ന തീർത്ഥാടകർക്ക് ക്യൂ നിൽക്കാതെ തന്നെ പമ്പയിൽ നിന്നും സന്നിധാനം നടപ്പന്തൽ വരെ എത്തുന്നതിന് പോലീസ് സംവിധാനം ഒരുക്കിയിട്ടുണ്ട്.

ശബരിമല വിർച്വൽ-ക്യൂവിൽ രജിസ്റ്റർ ചെയ്യാൻ www.sabarimalaq.com എന്ന വെബ് പോർട്ടൽ സന്ദർശിക്കണം. ഈ പോർട്ടലിൽ തീർത്ഥാടകരുടെ പേര്, വയസ്, ഫോട്ടോ, അഡ്രസ്, ഫോട്ടോ ഐഡന്റിറ്റി കാർഡ് നമ്പർ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ ചെയ്യണം. വെബ് പോർട്ടലിൽ നൽകിയിരിക്കുന്ന കലണ്ടറിൽ നിന്നും ലഭ്യതയ്ക്കനുസരിച്ച് ദർശന സമയവും തീയതിയും തിരഞ്ഞെടുക്കാം. ബുക്കിങ് പൂർത്തിയാക്കിയ ശേഷം ദർശന സമയവും തീയതിയും തീർത്ഥാടകന്റെ പേരും ഫോട്ടോയും മറ്റ് വിവരങ്ങളുമടങ്ങിയ വിർച്വൽ-ക്യൂ കൂപ്പൺ കംപ്യൂട്ടറിലേക്ക് സേവ് ചെയ്ത് പ്രിന്റ് എടുക്കണം. ഈ കൂപ്പൺ ദർശന ദിവസം പമ്പയിലെ വെരിഫിക്കേഷൻ കൗണ്ടറിൽ കാണിച്ച് വിർച്വൽ-ക്യൂ സംവിധാനം ഉപയോഗിക്കുന്നതിനുള്ള പ്രവേശന കാർഡ് കൈപ്പറ്റണം. പ്രവേശന കാർഡ് കൈവശമുള്ളവർക്ക് മാത്രമെ വിർച്വൽ-ക്യൂ സംവിധാനത്തിന്റെ പ്രയോജനം ലഭിക്കുകയുള്ളു. വിർച്വൽ-ക്യൂ കൂപ്പൺ കൈവശമുള്ള തീർത്ഥാടകർ തങ്ങളുടെ ഫോട്ടോ ഐഡന്റിറ്റി കാർഡ് വെരിഫിക്കേഷൻ കൗണ്ടറിൽ കാണിക്കുന്നതിനായി കൈവശം കരുതണം. 18 വയസ്സിന് താഴെയുള്ളവർക്ക് ഫോട്ടോ ഐഡന്റിറ്റി കാർഡ് നിർബന്ധമില്ല. കൂപ്പണിൽ രേഖപ്പെടുത്തിയിരിക്കുന്ന ദിവസം കൃത്യസമയത്ത് പമ്പയിലെത്തുന്ന തീർത്ഥാടകർക്കു മാത്രമെ വിർച്വൽ-ക്യൂ വഴി പ്രവേശനം അനുവദിക്കുകയുള്ളൂ.

കേരള പോലീസ് നൽകുന്ന ഈ സേവനത്തിന് ഒരു വിധത്തിലുമുള്ള ഫീസും ഈടാക്കുന്നില്ല. വിർച്വൽ-ക്യൂ സംവിധാനത്തിൽ ബുക്ക് ചെയ്യാത്തവർക്ക് മുൻവർഷത്തെ പോലെ സാധാരണ രീതിയിൽ ക്യൂ നിന്ന് ദർശനം നടത്താം. കൂടുതൽ വിവരങ്ങൾക്ക് www.sabarimalaq.com എന്ന വെബ് പോർട്ടൽ സന്ദർശിക്കുകയോ 0471-3243000, 3244000, 3245000 എന്നീ ഹെൽപ്പ് ലൈൻ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യണം.

The contents of this document may be deemed to be based on received information which is subject to further verification